REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 22-12-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- പാലക്കാട് വാളയാറിൽ ആൾക്കൂട്ട മർദ്ദനത്തെത്തുടർന്ന് മരിച്ച അതിഥി തൊഴിലാളിയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകി നീതി ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- രാഷ്ട്രീയപാർട്ടികളും മുന്നണികളും നിയമസഭാ തിരഞ്ഞെടുപ്പ് ചർച്ചകളുടെ പ്രാഥമിക ഘട്ടത്തിലേക്ക് നീങ്ങുന്നു.
- ഇന്ന് UDF നേതൃയോഗം കൊച്ചിയിലും, BJP നേതൃയോഗം കണ്ണൂരിലും.
- സംസ്ഥാനത്ത് സപ്ലൈകോ ക്രിസ്മസ് - പുതുവത്സര ചന്തകൾ ആരംഭിച്ചു.
- ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ വിശാഖപട്ടണത്ത്.

## വാർത്തകൾ വിശദമായി

പാലക്കാട് വാളയാറിൽ ആൾക്കൂട്ട മർദ്ദനത്തെത്തുടർന്ന് മരിച്ച റാം നാരായൺ ബഹേലിന്റെ കുടുംബത്തിന് സംസ്ഥാന ഗവൺമെന്റ് ഉചിതമായ നഷ്ടപരിഹാരം നൽകി നീതി ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. പ്രതികൾക്കതിരെ കർശന നടപടി എടുക്കുമെന്നും, പാലക്കാട് SP യുടെ നേതൃത്വത്തിൽ പ്രത്യേക സംഘത്തിന്റെ അന്വേഷണം പുരോഗമിക്കുന്നുണ്ടെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

കേസിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ആവശ്യമായ നിയമ നടപടികൾ കൈക്കൊള്ളാൻ നിർദേശം നൽകിയതായും മുഖ്യമന്ത്രി അറിയിച്ചു.

**പരിഷ്കൃത സമൂഹത്തിന്റെ യശസ്സിന് കളങ്കമുണ്ടാക്കുന്ന പ്രവൃത്തികൾ ഒരിക്കലും അംഗീകരിക്കാനാവാത്തതാണെന്നും, ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എല്ലാവരും ജാഗ്രത കാണിക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.**

**അതിഥി തൊഴിലാളിയെ കൊലപ്പെടുത്തിയ കേസ് ക്രൈംബ്രാഞ്ച് ഏറ്റെടുത്തിട്ടുണ്ട്. വാളയാർ പോലീസിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക അന്വേഷണ സംഘവും രൂപീകരിച്ചിട്ടുണ്ട്. സംഭവത്തിൽ 5 പേർ റിമാന്റിലാണ്.**

✪✪✪

**അതിഥി തൊഴിലാളികൾക്ക് എല്ലാ പരിരക്ഷയും നൽകണമെന്നാണ് കേരളത്തിന്റെ നിലപാടെന്ന് മന്ത്രി K രാജൻ വ്യക്തമാക്കി. പാലക്കാട്ട് അതിഥി തൊഴിലാളിയുടെ മരണത്തിലേക്ക് നയിച്ച സംഭവം ഗവൺമെന്റ് ഗൗരവത്തോടെയാണ് കാണുന്നതെന്നും കേസിൽ കൃത്യമായ നടപടിയുമായി മുന്നോട്ടു പോകുമെന്നും അദ്ദേഹം തൃശൂരിൽ പറഞ്ഞു.**

**ബംഗ്ലാദേശി എന്ന് ആക്ഷേപിച്ചാണ് തൊഴിലാളിക്കു നേരെ ആക്രമണമുണ്ടായതെന്ന വിവരമാണ് ലഭിച്ചതെന്നും ഇത് പ്രത്യേക അന്വേഷണ സംഘം പരിശോധിക്കുമെന്നും മന്ത്രി അറിയിച്ചു. SC- ST പീഡന നിരോധന നിയമവും കേസിൽ ചുമത്തും.**

**10 ലക്ഷം രൂപയിൽ കുറയാത്ത തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകുന്ന കാര്യം പരിഗണിക്കും. മന്ത്രിസഭായോഗമാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.**

**നഷ്ടപരിഹാരം ഉറപ്പു നൽകിയതിനെ തുടർന്ന് മൃതദേഹം ഏറ്റെടുത്ത് ഛത്തീസ്ഗഡിലേക്ക് കൊണ്ടുപോകാമെന്ന് കുടുംബാംഗങ്ങളും സമരസമിതിയും അറിയിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.**

✪✪✪

**വാളയാറിൽ കൊല്ലപ്പെട്ട റാംനാരായണിന്റെ കുടുംബത്തോടൊപ്പമുണ്ടെന്നും, പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കാൻ വേണ്ട ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി MB രാജേഷ് പാലക്കാട്ട് പറഞ്ഞു. വർഗീയ വംശീയ വിഷത്തിന്റെ ഇരയാണ് റാം നാരായണെന്നും മന്ത്രി മാധ്യമങ്ങളോടു പറഞ്ഞു.**

✪✪✪

**വാളയാറിൽ ആൾക്കൂട്ട കൊലപാതക കേസിലെ പ്രതികളുടെ പഴയ കേസുകൾ പരിശോധിച്ച് ആവശ്യമെങ്കിൽ ജാമ്യം റദ്ദാക്കുമെന്ന് പാലക്കാട്**

ജില്ലാ പോലീസ് മേധാവി അജിത് കുമാർ  അറിയിച്ചു. പ്രതികളുടെ രാഷ്ട്രീയ ബന്ധം പോലീസ് അന്വേഷിച്ചിട്ടില്ലെന്നും, കേസിൽ കൂടുതൽ  വകുപ്പുകൾ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുമെന്നും അദ്ദേഹം പറഞ്ഞു. SP യുടെ നേതൃത്വത്തിൽ DYSP യുടെ ചുമതലയിൽ ഒരു പ്രത്യേക അന്വേഷണസംഘത്തെ നിയോഗിച്ചിട്ടുണ്ടെന്നും അജിത്കുമാർ വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്തെ കോർപറേഷൻ മേയർമാരെ വെള്ളിയാഴ്ച തിരഞ്ഞെടുക്കും. രാവിലെ പത്തരയ്ക്കായിരിക്കും തിരഞ്ഞെടുപ്പ്. അതിനുശേഷമായിരിക്കും ഡെപ്യൂട്ടി മേയർമാരുടെ തിരഞ്ഞെടുപ്പ്.

ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് തിരഞ്ഞെടുപ്പ് ഈ മാസം 27 ന് രാവിലെ പത്തരയ്ക്കാണ്. ഉച്ചയ്ക്ക് രണ്ടരയ്ക്ക് വൈസ് പ്രസിഡണ്ടിനെയും തിരഞ്ഞെടുക്കും.

✪✪✪

കൊച്ചി കോർപ്പറേഷൻ മേയർ സ്ഥാനത്തേക്ക് ആരെ പരിഗണിക്കണമെന്നത് ഉൾപ്പെടെ ചർച്ച ചെയ്യാൻ കോൺഗ്രസ് പാർലിമെന്ററി പാർട്ടി യോഗം ഇന്ന് കൊച്ചിയിൽ ചേരും. സമവായത്തിലൂടെ തീരുമാനത്തിൽ എത്താനും പാർട്ടിയിലെ സീനിയർ നേതാക്കളെ മേയർ സ്ഥലത്തേക്ക് പരിഗണിക്കാനുമാണ് KPCC നിർദേശമെന്ന് റിപ്പോർട്ടുകൾ പറയുന്നു. ദീപ്തി മേരി വർഗീസിനാണ് സാധ്യത കൂടുതൽ. രണ്ടര വർഷത്തെ ടേം വ്യവസ്ഥയിൽ മിനിമോൾക്കോ ഷൈനി മാത്യുവിനോ നൽകണോയെന്നും ആലോചിച്ചേക്കും.

✪✪✪

സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുത്തവരുടെ സത്യപ്രതിജ്ഞാ ചടങ്ങ് പൂർത്തിയായതോടെ രാഷ്ട്രീയ പാർട്ടികളും, മുന്നണികളും നിയമസഭാ തിരഞ്ഞെടുപ്പ് ചർച്ചകളുടെ പ്രാഥമിക ഘട്ടത്തിലേക്ക്  കടക്കാനൊരുങ്ങുകയാണ്. തദ്ദേശ തിരഞ്ഞെടുപ്പിൽ കൂടുതൽ വോട്ടു ലഭിച്ചതിന്റെ ആത്മവിശ്വാസത്തോടെ UDF നേതൃത്വം സ്ഥാനാർത്ഥി നിർണയ ചർച്ചകളിലേക്ക്  നീങ്ങുകയാണ്.

ഡെസ്ക്ക് റിപ്പോർട്ട്

......(വോയ്സ്)...

കോൺഗ്രസ്  സ്ക്രീനിംഗ് കമ്മിറ്റിയ്ക്ക് AICC ഈ മാസം അവസാനം രൂപം നൽകും. കഴിഞ്ഞ ദിവസം ചേർന്ന KPCC കോർ കമ്മിറ്റിയിൽ AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ ഇക്കാര്യം അറിയിച്ചിരുന്നു. നിയമസഭാ

തിരഞ്ഞെടുപ്പിൽ കോൺഗ്രസ് ജയിച്ച മണ്ഡലങ്ങൾ, ചെറിയ ഭൂരിപക്ഷത്തിൽ തോറ്റ മണ്ഡലങ്ങൾ, ജയിക്കാൻ ദുഷ്കരമായവ എന്നിങ്ങനെ മൂന്നായി തിരിച്ചായിരിക്കും സ്ഥാനാർത്ഥി നിർണയം.

തദ്ദേശ തിരഞ്ഞെടുപ്പിലുണ്ടായ തിരിച്ചടിയും വോട്ട് കുറഞ്ഞതും വിലയിരുത്തിയായിരിക്കും CPIM ന്റെ നേതൃത്വത്തിൽ തിരഞ്ഞെടുപ്പ് തന്ത്രങ്ങൾ രൂപപ്പെടുത്തുക. സംസ്ഥാന ഗവൺമെന്റ് നടപ്പാക്കിയ പദ്ധതികളെക്കുറിച്ച് ജനങ്ങളിൽ കൂടുതൽ പ്രചാരണം നടത്തി നിയമസഭാ തിരഞ്ഞെടുപ്പിൽ പരമാവധി വോട്ടു സമാഹരിക്കാനായിരിക്കും LDF ന്റെ ശ്രമം.

BJP കേന്ദ്ര നേതൃത്വത്തിന്റെ ആഗ്രഹത്തിനനുസരിച്ച് തദ്ദേശ തിരഞ്ഞെടുപ്പിൽ വോട്ട് ശതമാനം കൂട്ടാൻ കഴിഞ്ഞില്ലെങ്കിലും തിരുവനന്തപുരം കോർപറേഷനിൽ ഭരണത്തിലെത്താൻ കഴിഞ്ഞതിന്റെ ആത്മവിശ്വാസവുമായാണ് NDA നിയമസഭാ തിരഞ്ഞെടുപ്പ് തന്ത്രങ്ങൾ മെനയുക. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി തദ്ദേശ സ്ഥാപനങ്ങളിൽ സീറ്റ് നേടാൻ കഴിഞ്ഞതിന്റെ നേട്ടവും വിലയിരുത്തിയാകും തിരഞ്ഞെടുപ്പ് തന്ത്രത്തിന് രൂപം നൽകുന്നത്.

✪✪✪

UDF നേതൃയോഗം ഇന്ന് കൊച്ചിയിൽ ചേരും. തദ്ദേശ തെരഞ്ഞെടുപ്പിലെ വിജയവും നിയമസഭാ തെരഞ്ഞെടുപ്പ് തന്ത്രങ്ങളും യോഗം ചർച്ച ചെയ്യും. നിയസഭാ സീറ്റ് വിഭജനവും സ്ഥാനാർത്ഥി നിർണയവും നേരത്തെയാക്കാൻ കോൺഗ്രസ് നേതൃത്വം തീരുമാനിച്ചിരുന്നു. കൂടാതെ മുന്നണി വിപുലീകരിക്കുന്ന കാര്യവും യോഗത്തിന്റെ പരിഗണനയിൽ വന്നേക്കും.

✪✪✪

BJP സംസ്ഥാന നേതൃസമിതി യോഗം ഉച്ചകഴിഞ്ഞ് കണ്ണൂരിൽ ചേരും. മാരാർജി ഭവനിലെ യോഗത്തിൽ സംസ്ഥാന നേതാക്കൾ പങ്കെടുക്കും. തദ്ദേശ തിരഞ്ഞെടുപ്പ് ഫലം വിലയിരുത്തുന്ന യോഗത്തിൽ ജില്ലാപ്രസിഡണ്ടുമാരും, ജില്ലാ പ്രഭാരിമാരും പങ്കെടുക്കും. നിയമസഭ തിരഞ്ഞെടുപ്പിന്റെ തയ്യാറെടുപ്പുകളും യോഗം ചർച്ച ചെയ്തേക്കും.

✪✪✪

ഇന്ന് രാവിലെ ഡൽഹിയിൽ നിന്ന് മുംബൈയിലേക്ക് യാത്ര തിരിച്ച എയർ ഇന്ത്യ വിമാനം എൻജിൻ തകരാറിനെ തുടർന്ന് ഡൽഹി വിമാനത്താവളത്തിൽ തിരിച്ചിറക്കി. യാത്രക്കാർ സുരക്ഷിതരാണ്. രാവിലെ 6.10 ന് മുംബൈയിലേക്ക് പുറപ്പെട്ട AI 887 വിമാനമാണ് ടേക്ക്ഓഫ് ചെയ്ത്

മിനുട്ടുകൾക്കകം തിരിച്ചിറക്കിയത്. വിമാനത്തിന്റെ ഇരട്ട എൻജിനുകളിൽ ഒന്നിന്റെ പ്രവർത്തനം നിലക്കുകയായിരുന്നു.

സംഭവത്തിൽ സിവിൽ ഏവിയേഷൻ മന്ത്രാലയം എയർ ഇന്ത്യയിൽ നിന്ന് വിശദമായ റിപ്പോർട്ട് തേടി. സമഗ്രമായ അന്വേഷണം നടത്താൻ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷനോടും നിർദേശിച്ചിട്ടുണ്ട്.

✪✪✪

സപ്ലൈകോ ക്രിസ്മസ് - പുതുവത്സര ചന്തകളുടെ സംസ്ഥാന തല ഉദ്ഘാടനം മന്ത്രി GR അനിൽ തിരുവനന്തപുരത്ത് നിർവഹിച്ചു. പൊതുവിപണിയിൽ വിലവർധനവ് ഉണ്ടായാലും പൊതുജനങ്ങളെ അത് ബാധിക്കാതിരിക്കാനാണ് സപ്ലൈക്കോ ഫെയറുകൾ നടത്തുന്നതെന്ന് മന്ത്രി GR അനിൽ പറഞ്ഞു. സംസ്ഥാനത്ത് ആറിടങ്ങളിൽ ഇത്തരം ക്രിസ്മസ് പുതുവത്സര ഫെയറുകൾ നടത്തുന്നുണ്ട്. 25 രൂപ നിരക്കിൽ 20 കിലോ അരി വാങ്ങാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. വെളിച്ചെണ്ണ വില ഇന്നുമുതൽ 309 രൂപയാക്കും. സബ്സിഡി തുകയായ 219ൽ നിന്ന് 20 രൂപ വീണ്ടും കുറച്ചതായും മന്ത്രി വ്യക്തമാക്കി.

✪✪✪

തങ്ക അങ്കിരഥഘോഷയാത്ര നാളെ രാവിലെ ഏഴിനു ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്നും സന്നിധാനത്തേയ്ക്ക് യാത്ര തിരിക്കും. ദേവസ്വം ബോർഡിന്റെ ആറന്മുള സ്ട്രോങ് റൂമിൽ നിന്ന് തങ്ക അങ്കി പുറത്തെടുത്തു ഘോഷയാത്രയുടെ അവസാനവട്ട ഒരുക്കങ്ങൾ ആറന്മുളയിൽ പുരോഗമിക്കുകയാണ്.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ.

......(വോയ്സ്)......

✪✪✪

ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റിന്റെ ഭാഗമായി വൈകിട്ട് കലാസന്ധ്യയും ഓട്ടോ തൊഴിലാളികളെ ആദരിക്കുന്ന ചടങ്ങും ഫറോക്കിൽ മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. വാട്ടർ ഫെസ്റ്റ് അഞ്ചാം പതിപ്പിന്റെ പ്രചാരണത്തിനു വേണ്ടി വൈകിട്ട് ബേപ്പൂർ ബീച്ചിൽ കബഡി മത്സരവും ഒരുക്കിയിട്ടുണ്ട്.

✪✪✪

ക്രിസ്മസ്, പുതുവത്സാഘോഷങ്ങളെ വരവേൽക്കാൻ കോഴിക്കോട് മാനാഞ്ചിറയിൽ ഒരുക്കിയ 'ഇലൂമിനേറ്റിങ് ജോയ്, സ്പ്രെഡിങ് ഹാർമണി' ലൈറ്റ്ഷോ വൈകിട്ട് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

ജനുവരി രണ്ട് വരെ വൈകിട്ട് ആറര മുതൽ മാനാഞ്ചിറ സായാഹ്നങ്ങളിൽ ദീപാലംകൃതമാകും.

✪✪✪

ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി-20 ക്രിക്കറ്റ് അഞ്ച് മത്സര പരമ്പരയിലെ രണ്ടാം മത്സരം നാളെ വൈകീട്ട് ഏഴിന് വിശാഖപട്ടണത്ത് ആരംഭിക്കും. ഇന്നലെ ആദ്യ മത്സരത്തിൽ എട്ട് വിക്കറ്റിന് ടീം ഇന്ത്യ, ശ്രീലങ്കയെ പരാജയപ്പെടുത്തി. പരമ്പരയിലെ ശേഷിക്കുന്ന മൂന്ന് മത്സരങ്ങൾ തിരുവനന്തപുരത്തും നടത്തും.

✪✪✪

യാത്രാവേളയിലെ ഉപയോഗത്തിന് ശുചിമുറികൾ ലഭ്യമാക്കുന്ന 'ക്ലൂ' മൊബൈൽ ആപ്ലിക്കേഷൻ നാളെ പുറത്തിറക്കും. തദ്ദേശ വകുപ്പിന്റെ മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായാണ് ആപ്ലിക്കേഷൻ തയ്യാറാക്കിയത്. മന്ത്രി MB രാജേഷ് തിരുവനന്തപുരത്ത് ക്ലൂ സംവിധാനം ഉദ്ഘാടനം ചെയ്യും. തദ്ദേശ സ്ഥാപനങ്ങളുടെയും, ഹോട്ടലുകളുടെയും ശുചിമുറികൾ ഗൂഗിൾമാപ്പിന്റെ സഹായത്തോടെ എളുപ്പം കണ്ടെത്താൻ ആപ്പ് സഹായിക്കും. പ്രധാന വിനോദസഞ്ചാര പാതകളെയും, ദേശീയ പാതകളെയും കേന്ദ്രീകരിച്ചാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നത്.

✪✪✪

കാർഷിക സർവകലാശാലയും, ജൈവ വൈവിധ്യ ബോർഡും ചേർന്ന് സംഘടിപ്പിക്കുന്ന കേരള അഗ്രോ ബയോ ഡൈവേഴ്സിറ്റി കോൺഫറൻസ് -2025 ന് ഇന്ന് വെള്ളായനി കാർഷിക കോളജിൽ തുടക്കമാകും. കോളജ് ഇൻഡോർ സ്റ്റേഡിയത്തിൽ ആസൂത്രണ ബോർഡ് വൈസ് ചെയർ പേഴ്സൺ VK രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും.

രണ്ടു ദിവസത്തെ കോൺഫറൻസിൽ സംസ്ഥാനത്തെ പരമ്പരാഗത വിത്തുകളുടെ എഴുപതോളം സംരക്ഷകരെ ആദരിക്കും. നാളെ ജൈവവൈവിധ്യ നയരൂപീകരണ ശില്പശാല മന്ത്രി P പ്രസാദ് ഉദ്ഘാടനം ചെയ്യും.

✪✪✪

---

*News Editor വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRTs: അനിൽ ചന്ദ്രൻ, ഫസ്ന ഫാത്തിമ*
*DEO : ഷീബ*